**പതിനാലാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 57** | **29-06-2016-ൽ മറുപടിയ്ക്ക്**

**സമ്പൂർണ്ണ വൈദ്യുതീകരണം**

ചോദ്യം

ശ്രീ. ഐ. സി. ബാലകൃഷ്ണൻ :

ശ്രീ. കെ. സി. ജോസഫ് :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

ശ്രീ. കെ. എസ്. ശബരീനാഥൻ :

ഉത്തരം

ശ്രീ. കടകംപള്ളി സുരേന്ദ്രൻ

(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) സമ്പൂർണ്ണ വൈദ്യുതീകരണത്തിന് എന്തെല്ലാം കർമ്മ പദ്ധതികൾ മുൻ സർക്കാർ കൈക്കൊണ്ടിട്ടുണ്ടെന്ന് വിശദമാക്കാമോ ;<br>(ബി) ഏതെല്ലാം കേന്ദ്ര-സംസ്ഥാന പദ്ധതികളാണ് ഇതിനായി പ്രയോജനപ്പെടുത്തുന്നതെന്ന് വെളിപ്പെടുത്താമോ ; | (എ) & (ബി) 2011-16 കാലയളവിൽ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി നിലവിലുണ്ടായിരുന്നില്ല. ഗുണഭോക്താവ് സ്വന്തം ചെലവിൽ എടുത്ത കണക്ഷനുകളും, കേന്ദ്രാവിഷ്കൃത പദ്ധതികളായ രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ യോജന, ദീനദയാൽ ഉപാദ്ധ്യായ ഗ്രാമജ്യോതി യോജന എന്നീ പദ്ധതികളും പ്രയോജനപ്പെടുത്തി 11,04,868 ഗാർഹിക വൈദ്യുതി കണക്ഷനുകൾ ഇക്കാലയളവിൽ നൽകിയിട്ടുണ്ട്. |
| (സി) പദ്ധതി നടത്തിപ്പിൽ എന്തെല്ലാം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ? | (സി) രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ യോജന പദ്ധതി പ്രകാരം കേരളത്തിലെ 1,07,526 ഗ്രാമീണ ഭവനങ്ങൾ വൈദ്യുതീകരിച്ചു. ഇതിൽ ബി. പി. എൽ വിഭാഗത്തിൽപ്പെട്ട 96182 വീടുകൾക്ക് സൗജന്യമായി വൈദ്യുത കണക്ഷൻ നൽകി. ഈ പദ്ധതി പ്രകാരം 1612.1 കി.മീ 11 കെ.വി ലൈനും, 3398.6 കി.മീ എൽ.റ്റി ലൈനും നിർമ്മിച്ചു. ആകെ 1556 ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചു. മലപ്പുറം ജില്ലയിൽ ഒരു പുതിയ സബ് സ്റ്റേഷനും നിർമ്മിച്ചു. പാലക്കാട്, വയനാട്, എറണാകുളം എന്നീ ജില്ലകളിലായി ആകെ 5 സബ് സ്റ്റേഷനുകളിൽ പുതിയ ട്രാൻസ്ഫോർമറുകൾ വച്ച് കപ്പാസിറ്റി വർദ്ധിപ്പിച്ചു. |

ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീണ ജ്യോതി യോജന പദ്ധതി പ്രകാരം കേരളത്തിലെ ആകെ 1,61,199 ഗ്രാമീണ ഭവനങ്ങൾ വൈദ്യുതീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിൽ ഉൾപ്പെട്ട 41,884 ബി.പി.എൽ വിഭാഗത്തിൽപ്പെട്ട വീട്ടുകൾക്ക് സൗജന്യ വൈദ്യുതീകരണമാണ് നൽകുന്നത്. പദ്ധതിയുടെ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

Hemalatha

**സെക്ഷൻ ഓഫീസർ.**